(സി) ബഹു: കേരളാ ഹൈക്കോടതിയിൽ നിന്നും വിവിധ ഘട്ടങ്ങളിലായി ലഭിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണ് ഇവർ ഇപ്പോഴും ജോലിയിൽ തുടരുന്നത്.

(ഡി) അയച്ചിരുന്നു.

(ഇ) കോടതിയിൽ നിന്നും സ്റ്റേ ലഭിക്കുന്നതിന് താൽക്കാലിക ജീവക്കാരെ നഗരസഭയിലേയോ മുനിസിപ്പൽ ഭരണ ഡയറക്ടർ ആഫീസിലേയോ ഒരു ഉദ്യോഗസ്ഥനും സഹായിച്ചതായി വിവരം കിട്ടിയിട്ടില്ല.

(എഫ്) സ്റ്റേ നീക്കം ചെയ്യുന്നതിന് ആവശ്യം വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി നഗരസഭയിൽ സ്റ്റേ ഉത്തരവ് മൂലം ഉദ്യോഗാർത്ഥികളെ നിയമിക്കാൻ സാധിക്കാതെ വന്നാൽ അവശേഷിക്കുന്ന രണ്ടുപേർക്ക് മറ്റു നഗരസഭകളിലെ ഒഴിവുകളുടെ ലഭ്യതയനുസരിച്ച് നിയമനം നൽകുന്നതാണ്.

109 (611) ഏഴിക്കര ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക പരാധീനത

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രത്യേക സഹായം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതുപയോഗിച്ച് ചെയ്തവർക്കു പോലും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സ്ഥിതി കണക്കിലെടുത്ത് പ്രത്യേക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ഇല്ല. 1997-98 സാമ്പത്തിക വർഷം മുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നേരിട്ട് പ്രത്യേക ധനസഹായം അനുവദിക്കുന്ന രീതി ഉപേക്ഷിച്ചിട്ടുണ്ട്. (9.5.1997-ലെ 20544/എൽ3/97/തഭവ. നമ്പർ സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) പ്രത്യേക ധനസഹായം അനുവദിക്കുന്നരീതി നിലവിലില്ല.

110 (612) മാലിന്യം സംസ്കരിക്കാൻ നടപടി

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - XIII

LIBRARY ARCHIVES Kerala Legislative Assembly